ഉത്തരം

(എ) ഒൻപത്. ഓരോ തസ്തികയിലേക്കും നിർദ്ദിഷ്ട യോഗ്യതയുള്ളവരെ പി. എസ്. സി. മുഖേനയാണ് നിയമിക്കുന്നത്.

(ബി) അല്ല.

(സി) കൊല്ലം, കോട്ടയം (വാഴൂർ) എന്നിവിടങ്ങളിൽ ഓരോ പ്രസ്സുകം തുടങ്ങാൻ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

സഹകരണസംഘം ഡയറക്ടർ ബോർഡിലേക്ക് സർക്കാർ പ്രതിനിധി

1237. [1849] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സഹകരണസംഘം ഡയറക്ടർ ബോർഡിലേക്ക് സർക്കാർ പ്രതിനിധികളെ നോമിനേറ്റ് ചെയ്യുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹകരണസംഘങ്ങളുടെ ഭരണ സമിതികളിലേക്ക് 1969-ലെ സഹകരണ നിയമം 28-ാം വകുപ്പ് 2-ാം പ്രൊവൈസോ അനുസരിച്ചും 31-ാം വകുപ്പിലെ 1-ാം ഉപവകുപ്പനുസരിച്ചുമാണ് സർക്കാർ പ്രതിനിധികളെ നോമിനേറ്റ് ചെയ്യുന്നത്. ഇപ്രകാരം നോമിനേറ്റ് ചെയ്യുമ്പോഴും താഴെ സൂചിപ്പിക്കുന്ന കാര്യങ്ങളും പരിഗണിക്കാറുണ്ട്.

1. നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആൾക്ക് സഹകരണ മേഖലയിലുള്ള പ്രവർത്തന പരിചയം.
2. സംഘത്തിന്റെ താൽപര്യ സംരക്ഷണം.
3. നോമിനികളുടെ പ്രവർത്തന പരിചയവും സ്വഭാവവും.
4. നാമനിർദ്ദേശം, സാമ്പത്തിക ബാദ്ധ്യത എന്തെങ്കിലും തത്വത്തിൽ ഏറ്റെടുത്തിട്ടുള്ള സംഘത്തിലേക്കാണെങ്കിൽ സർക്കാരിന്റെ സാമ്പത്തിക താൽപര്യം.
5. കഴിവതും അതാതു സംഘങ്ങളിലെ അംഗങ്ങളെ തന്നെ നോമിനേറ്റ് ചെയ്യാൻ ശ്രദ്ധിക്കുന്നു.
6. 28-ാം വകുപ്പ് (2)-ാം പ്രൊവൈസോ അനുസരിച്ച് നോമിനേറ്റ് ചെയ്യപ്പെടുന്ന ആൾക്ക് സഹകരണ ചട്ടം 44-ാം വകുപ്പനുസരിച്ചുള്ള യോഗ്യത

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly